## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 6293** — **08.07.2014 -ലെ മറുപടിക്ക്**

### അഭിപ്രായ സ്വാതന്ത്ര്യത്തിന്മേലുള്ള നിഷേധം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ**<br>**ശ്രീ. റ്റി.വി. രാജേഷ്**<br>**ശ്രീ. ആർ. രാജേഷ്**<br>**ശ്രീ. ബാബു എം. പാലിശ്ശേരി** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അഭിപ്രായം പറയാനും എഴുതാനും പ്രകടിപ്പിക്കാനുമുള്ള അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനും അതിന്റെ പേരിൽ പോലീസ് കേസ്സെടുത്ത് പീഡിപ്പിക്കുന്നതും ആയ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) തൃശ്ശൂർ കുന്നംകുളം പോളിടെക്നിക്കിലെ മാഗസിൻ കമ്മിറ്റി (2012-13) അംഗങ്ങളെ കേസ്സിൽ കുടുക്കിയ പോലീസ് നടപടി ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനെതിരായിട്ടുള്ളതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം വകുപ്പുകൾ പ്രകാരം ആർക്കെല്ലാം എതിരായിട്ടാണ് പോലീസ് കേസെടുത്തിരിക്കുന്നത്; | (ബി) ഇത്തരം ആക്ഷേപം ഉണ്ടായിട്ടുണ്ട്. കുന്നംകുളം നിയോജക മണ്ഡലം യുവമോർച്ച പ്രസിഡന്റ് സുബാഷ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 10.06.2014-ൽ കുന്നംകുളം പോലീസ് സ്റ്റേഷൻ ക്രൈം നം. 1444/2014 u/s 500, 501, 504, 153, 12 r/w 34 IPC പ്രകാരം താഴെപ്പറയുന്നവർക്കെതിരെ കേസെടുത്തിട്ടുണ്ട്. 1. കൃഷ്ണൻകുട്ടി. എം.എൻ., 2. ഗോപി സി.ബി., 3. പ്രവീൺ സി.എസ്., 4. നിഖിൽ പി.ആർ., 5. ജിംസൺ ജെയിംസ്, 6. ശ്യാം കെ.എം., 7. രാജീവ്. ഇതു സംബന്ധിച്ച് പ്രസ്തുത കേസിൽ ആക്ഷേപം ഉയർന്നതിനെ തുടർന്ന് ഉന്നത ഉദ്യോഗസ്ഥർ ടി കേസിന്മേൽ അവലോകനം നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനെതിരെയുള്ള സംഘപരിവാറിന്റെ ഭീഷണി പ്രാവർത്തികമാക്കാനുള്ള ഒരു നടപടി എന്ന നിലയിലേയ്ക്ക് പോലീസ് മാറാൻ പാടില്ലായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഡി) മാഗസിൻ പ്രസിദ്ധീകരിച്ച തീയതി, കേസെടുത്ത തീയതി എന്നിവവ്യക്തമാക്കുമോ; മാഗസിനിൽ പരാമർശിക്കപ്പെട്ട വ്യക്തിയെപ്പറ്റി വ്യാജ ഏറ്റുമുട്ടൽ ഉൾപ്പെടെ നിരവധി വിഷയങ്ങളിൽ വിമർശിക്കപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ഡി) മാഗസിൻ പ്രസിദ്ധീകരിച്ച തീയതി 21.02.2014 ആണ്. കേസെടുത്തത് 10.06.2014. മാഗസിനിൽ ഒരു വ്യക്തിയെ കുറിച്ചല്ല പരാമർശിച്ചിരിക്കുന്നത്. മറിച്ച് പ്രസ്തുത മാഗസിനിലെ 57-ാം പുറത്ത് നെഗറ്റീവ് ഫേസസ് എന്ന് നാമകരണം ചെയ്തിട്ട് 13 വ്യക്തികളുടെ ഫോട്ടോ പ്രിന്റ് ചെയ്തതായാണ് കാണപ്പെടുന്നത്. അതിൽ ഒരു പ്രത്യേക വ്യക്തിയെക്കുറിച്ച് പരാമർശിച്ചിട്ടില്ല. |
| (ഇ) സംസ്ഥാനത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തിന് ചേർന്നതായിരുന്നില്ല പോലീസ് നടപടിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ